# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-11)1349/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 24/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-11)1349/2023 തീയ്യതി: 24/11/2023

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 21-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 21-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ
2) ശ്രീമതി.ബിന്ദു സദാനന്ദൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീ.സന്തോഷ് കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ശ്രീ.കിരൺ.കെ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സേബ മുഹമ്മദാലി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.നിസമോൾ എം.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ കെ.സി. | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈന.പി | ഹെഡ് മാസ്റ്റർ ജെ.ബി.എസ്. ദേശം | 01-04-2022 | 30-06-2022 |
| ശ്രീമതി.ഷൈനി ജോർജ്ജ്.എൻ | ഹെഡ് മാസ്റ്റർ ജെ.ബി.എസ്. ദേശം | 01-07-2022 | 31-03-2023 |
| ശ്രീമതി.സലീന.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ടിന്റു സാറാ രാജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | 01-04-2022 | 17-07-2022 |
| ഡോ.പുഷ്പ.വി.വി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | 18-07-2022 | 31-03-2023 |
| ഡോ.ബിനി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.ആഷറാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സുനിൽ.ജി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉമ്മു ഹബീബ കുന്നത്ത് നടുത്തോടി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സീജ.കെ.കെ | അസി.എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ഹർഷദ് വി.കെ. | വി ഇ ഒ, ചെങ്ങമനാട് | 01-04-2022 | 28-12-2022 |
| ഒഴിവ് | വി ഇ ഒ, ചെങ്ങമനാട് | 29-12-2022 | 02-01-2023 |
| ശ്രീമതി.ലിഷ.വി.ജെ | വി ഇ ഒ, ചെങ്ങമനാട് | 03-01-2023 | 31-03-2023 |
| ഒഴിവ് | വി ഇ ഒ ദേശം | 01-04-2022 | 24-04-2022 |
| ശ്രീ.ശിവൻ.കെ.കെ | വി ഇ ഒ ദേശം | 25-04-2022 | 31-03-2023 |
| ശ്രീമതി.രാജിത.ആർ.അടിയോടി | കൃഷി ഓഫീസർ | 01-04-2022 | 30-09-2022 |
| ശ്രീമതി.അനിത.കെ | കൃഷി ഓഫീസർ | 01-10-2022 | 30-10-2022 |
| ശ്രീമതി.അനഘ ഉണ്ണികൃഷ്ണൻ.എം | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തികളുടെ വിവരങ്ങൾ കൃത്യമല്ല | 1-1-4 |
| 6 | ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച പലിശ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | സി.എഫ്.സി. ഗ്രാന്റിന്റെ (Basic Grant)ബാങ്ക് അക്കൗണ്ടിലെ പലിശയിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | സാമൂഹ്യസുരക്ഷാപെൻഷൻ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | അഭ്യന്തര നിയന്ത്രണം. | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനതു വരുമാനം - അവലോകനം | 1-11 |
| 19 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 20 | ലൈസൻസ് ഫീസ് - അപാകതകൾ | 1-13 |
| 21 | പാർക്കിംഗിനായി രേഖപ്പെടുത്തിയ ഏരിയ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു | 1-14 |
| 22 | നമ്പറിംഗ് ഫയലുകളിൽ ഒറ്റതവണ നികുതി , ഫോറം 2 എന്നീ റിട്ടേണുകൾ വാങ്ങി സൂക്ഷിക്കുന്നില്ല | 1-15 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല -1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 24 | സി.എച്ച്.സി. - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-17 |
| 25 | ആംബുലൻസ് പരിപാലനത്തിലെ അപാകതകൾ | 1-18 |
| 26 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-19 |

| | | |
|---|---|---|
| 27 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ | 1-20 |
| 28 | എം.സി.എഫ്. കെട്ടിട നിർമ്മാണം - പദ്ധതി ചെലവ്, സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയില്ല. | 1-21 |
| 29 | മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ | 1-22 |
| 30 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-23 |
| 31 | നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല | 1-24 |
| 32 | ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച പലിശ അധികമായി രേഖപ്പെടുത്തിയിരിക്കുന്നു | 1-25 |
| 33 | സി.എഫ്.സി. ഗ്രാന്റിന്റെ (Basic Grant)ബാങ്ക് അക്കൗണ്ടിലെ പലിശ കണക്കാക്കിയതിലെ അപാകത | 1-26 |
| 34 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച്. | 1-27 |
| 35 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല | 1-28 |
| 36 | സ്ട്രീറ്റ് മെയിൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-29 |
| 37 | ഇ-ഓട്ടോ പദ്ധതി പ്രായോഗികമായിട്ടില്ല. | 1-30 |
| 38 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 39 | കേരള വാട്ടർ അതോറിറ്റിയിൽ ഭീമമായ വെള്ളക്കരം അടവാക്കേണ്ടിവരുന്നു. | 1-32 |
| 40 | തുല്യതാ പഠനം - വിശദാംശങ്ങളില്ല. | 1-33 |
| 41 | തെരുവ് വിളക്ക് പരിപാലനം തൃപ്തികരമല്ല. | 1-34 |
| 42 | എസ്.എസ്.കെ. - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 2/ 1 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 24.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,92,369/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14,74,774/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്

### 1-1-4 ആസ്തികളുടെ വിവരങ്ങൾ കൃത്യമല്ല

ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ആസ്തി രേഖപ്പെടുത്തിയിരിക്കുന്നത് Other Fixed Assets എന്ന ഹെഡ്ഡിൽ ₹ 1,25,08,561/- മാത്രമാണ്. എന്നാൽ B-11(a) ഷെഡ്യൂളിൽ 10 വ്യത്യസ്ത ഹെഡ്ഡുകളിലായി ഡിപ്രീസിയേഷൻ ഹെഡിലെ ആകെ തുക ₹(-)3,41,96,820/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി വാർഷിക കണക്കുകളിൽ ചേർത്തിട്ടില്ല.

### 1-1-5 ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ –ടെൻഡർ ഫീസായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിരിക്കുന്ന തുക കൃത്യമായി നൽകാത്തതിനാൽ ആയത് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച പലിശ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) എ.എഫ്.എസ്. പ്രകാരം Interest Earned എന്ന് കാണിച്ചിരിക്കുന്നത് 10,26,785/- രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 9,85,324/- രൂപ മാത്രമാണ്. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻ വർഷം ബാങ്ക് അക്കൗണ്ടിൽ യഥാർത്ഥത്തിൽ ലഭിച്ച ബാങ്ക് പലിശയേക്കാൾ 41,461/- രൂപ കൂടുതലാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) സാക്ഷരതാ മിഷന്റെ അക്കൗണ്ട് സംബന്ധിച്ച് എ.എഫ്.എസ്.ലെ ബി-14, ബി-17 ഷെഡ്യൂളിൽ യഥാക്രമം 14,397/-, 14,497/- എന്നിങ്ങനെ വ്യത്യസ്തമായ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-7 സി.എഫ്.സി. ഗ്രാന്റിന്റെ (Basic Grant)ബാങ്ക് അക്കൗണ്ടിലെ പലിശയിൽ വ്യത്യാസം

സി.എഫ്.സി. ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻ വർഷം ബാങ്ക് പലിശ ഇനത്തിൽ ലഭിച്ചിരിക്കുന്ന തുക 1,18,433/- രൂപയാണ്. എന്നാൽ അക്കൗണ്ട്സിൽ ടി അക്കൗണ്ടിന്റെ ബാങ്ക് പലിശയായി രേഖപ്പെടുത്തിയിരിക്കുന്നത് 1,43,501/- രൂപ എന്നാണ്.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 10.03.2022 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് ഭരണസമിയിയുടെ 28.02.2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | 10.03.2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം | 28.02.2023ലെ 4(1) നമ്പർ തീരുമാന പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,46,28,404.00 | 2,46,28,404.00 |
| വരവ് | 25,09,91,562.00 | 25,46,65,049.00 |
| ആകെ | 27,56,19,966.00 | 27,92,93,453.00 |
| ചെലവ് | 27,26,08,000.00 | 26,94,88,788.00 |
| നീക്കിയിരിപ്പ് | 30,11,966.00 | 98,04,665.00 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,53,05,421/- |
| വരവ് | 4,85,19,871/- |
| ആകെ | 8,38,25,292/- |
| ചെലവ് | 4,71,27,502/- |
| നീക്കിയിരിപ്പ് | 3,66,97,790/- |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18775000 | 18775000 | 16956473 | 104311 | 1714216 (*) ACR Sl.No. 103 To 107 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6051000 | 6051000 | 5498410 | 245992 | 306598 (*) ACR Sl.No. 25 & 26 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15918000 | 15918000 | 11316874 | 3295051 | 1306075 (*) ACR Sl.No. 37 To 40 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6058000 | 6058000 | 5591818 | 331676 | 134506 (*) ACR Sl.No. 26 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied -ബാങ്ക്) (Basic Grant) | 81765 | 3019000 + 143501 (പലിശ) | 3244266 | 2660743 | 0 | 583523 |
| CFC (Untied-ട്രഷറി) | 0 | 302543 | 302543 | 302543 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) (Performance Grant) | 0 | 2224399 | 2224399 | 649262 | 1575137 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 2112795 | 4528000 | 6640795 | 4540571 | 0 | 2100224 |
| ഹെൽത്ത് ഗ്രാന്റ് (Support For Diagnostic Infrastructure To PHCs) - 320100202 | 0 | 372676 | 372676 | 0 | 0 | 372676 |
| ഹെൽത്ത് ഗ്രാന്റ് (Conversion Of PHCs & Subcentres To Health & Wellness Centres) - 320100204) | 0 | 212976 | 212976 | 0 | 0 | 212976 |
| ഐ.സി.ഡി.എസ് - 320100125 | 370508 | 1143826 | 1514334 | 668893 | 0 | 845441 |
| ശുചിത്വ മിഷൻ ഗ്രാന്റ് 320100198 | 3078537 | 347900 | 3426437 | 2501602 | 0 | 924835 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. - 320100128 | 0 | 16979250 | 16979250 | 16979250 | 0 | 0 (**) |
| സാക്ഷരത - 320100197 | 14096 | 301 | 14397 | 0 | 0 | 14397 |
| National Rural Health Mission 320100149 | 0 | 500000 | 500000 | 0 | 0 | 500000 |
| Rural Housing -Housing For All | 2539354 | 300000 | 2839354 | 276717 | 0 | 2562637 |

| | | | | | | |
|---|---|---|---|---|---|---|
| 320100160 | | | | | | |
| Donations Related To Pandemic/ Epidemic Control (Covid) 320900102 | 116614 | 144 | 116758 | 0 | 0 | 116758 |
| Nirmal Puraskar – 320100191 | 445114 | 0 | 445114 | 0 | 0 | 445114 |
| Other Schemes – 320100152 | 3346 | 0 | 3346 | 0 | 0 | 3346 |
| Vimukthi Grant – 320100190 | 36150 | 0 | 36150 | 0 | 0 | 36150 |
| Beneficiary Contributions 320800101 | 2975 | 1890800 | 1893775 | 1890800 | 0 | 2975 |
| Buds School Fund 320200399 | 1250000 | 0 | 1250000 | 0 | 0 | 1250000 |

* – 31.03.2023 വരെ ട്രഷറിയിൽ നിന്നും പണമാകാത്ത ബില്ലുകളുടെ തുകയാണ്.
** – MGNREGSന്റെ ബി-4 ഷെഡ്യൂളും ബി-17 ഷെഡ്യൂളും പൊരുത്തപ്പെടാത്തതിന് കാരണം വ്യക്താമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 216 | ₹12,13,79,730 | ₹5,96,40,430 | 164 | 139 | 25 | 52 | 64.35% |

പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം .

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന്റെ % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹18775000 | ₹18775000 | ₹16956473 | ₹104311 | ₹1714216 | 90.31% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹6051000 | ₹6051000 | ₹5498410 | ₹245992 | ₹306598 | 90.86% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹15918000 | ₹15918000 | ₹ 11316874 | ₹3295051 | ₹1306075 | 71.09% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹6058000 | ₹6058000 | ₹5591818 | ₹331676 | ₹134506 | 92.30% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) | ₹ 81765 | ₹3019000 + ₹143501 (പലിശ) | ₹3244266 | ₹2660743 | 0 | ₹583523 | 82.01% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ₹2112795 | ₹6752399 | ₹8865194 | ₹5189833 | ₹1575137 | ₹2100224 | 58.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 7,29,014 | 7,29,014 | 7,29,014 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,71,78,335 | 1,71,78,335 | 1,71,78,335 | 0 |
| ആകെ | 0 | 1,79,07,349 | 1,79,07,349 | 1,79,07,349 | 0 |

കുറിപ്പ്:- തൻവർഷം ₹9,28,099/- ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പം B4-ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പം പൊരുത്തപ്പെടുന്നില്ല. കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷാപെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 43,96,900 | 429 |
| 2 | വിധവാ പെൻഷൻ | 1,25,93,800 | 1185 |
| 3 | വാർധക്യകാല പെൻഷൻ | 2,62,98,800 | 2705 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,47,200 | 53 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 34,04,400 | 334 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,567/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിന്റെ ജനറൽ മിനിട്സ് , ധനകാര്യ കമ്മറ്റി മിനിട്സ്, അജണ്ട, ഹാജർ മറ്റ് രേഖകൾ ശരിയായി പരിപാലിക്കുന്നുണ്ട്. യോഗ തീരമാനങ്ങളും,ചർച്ചയുടെ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സുകളും തൃപ്തികരമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഫയലുകളും ശരിയാംവണ്ണം സൂക്ഷിച്ചുവരുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01/07/2022 – 31/10/2022 | 17.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 – 06.02.2017 | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

## 1-11 തനതു വരുമാനം - അവലോകനം

18 വാർഡുകളിലായി വ്യാപിച്ചാണ് ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി പിരിവ്

2021-22 ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് അഭിനന്ദനാർഹമാണ്. 100% വസ്തു നികുതിയും പിരിച്ചെടുത്തതിനാൽ എറണാകുളം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിന്നും അംഗീകാരമായി മൊമെന്റോ ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 96% വസ്തു നികുതിയും പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള വസ്തുനികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട വിഭാഗം | തുക |
|---|---|---|
| 1 | റസിഡൻഷ്യൽ (കറന്റ് ) | 1,67,479 |
| 2 | റസിഡൻഷ്യൽ(അരിയർ) | 3,15,979 |
| 3 | നോൺ റസിഡൻഷ്യൽ(കറന്റ് ) | 1,84,461 |
| 4 | നോൺ റസിഡൻഷ്യൽ(അരിയർ) | 6,74,578 |
| | ആകെ | 13,42,497 |

ആയത് പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

2) വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതുപ്രകാരം 05.05.2023 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ പുതുക്കിയ നികുതി നിരക്കുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഴയ നികുതി നിരക്കുകളിലാണ് 2023-24 ൽ നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് . അത്തരം കെട്ടിട ഉടമകളിൽ നിന്നും പഞ്ചായത്ത് സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ട്.

3) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

4) സേവന ഉപനികുതി ചുമത്തൽ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യത പഞ്ചായത്ത് ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്.

5) IFTE & OS ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 31-10-2017 ലെ ജി.ഒ.(പി.) 80/2017/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിച്ച്, സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് തിരുമാനമെടുക്കാവുന്നതാണ്. പഞ്ചായത്തിൽ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും നിലവിൽ 200,300, 400, 500, 1000, 2000, 4000, 5000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഇത്തരത്തിൽ

കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു ഇടയാക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2022-23 സാമ്പത്തിക വർഷവും പഴയ നിരക്കിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കിയാൽ മതിയെന്ന് 07.03.2022 തീയതിയിലെ 21(1) നമ്പറായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്തിലെ ലൈസൻസ് ഫീ പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപകാതകൾ ഖണ്ഡിക 1-13 ൽ ചേർത്തിട്ടുണ്ട്. ആയതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

6) വാടക

നിലവിൽ പഞ്ചായത്തിന്റെ അധീനതയിൽ വാടക കെട്ടിടങ്ങളില്ല.

7) തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല.
സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് അത്തരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപകാതകൾ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.08.2023) നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല. പ്രസ്തുത ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് മറുപടി നല്കി. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3-ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല.

| ക്രമ നം | സ്ഥാപനം | ജീവന ക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഹൗസ് ഓഫ് പ്ലാസ്റ്റിക് | സുജാതാ | II | 130032 | 1000 (1220107160/ 16.03.23) | 1250 | 250 |
| 2 | Ponnore Enterprises LLP, ദേശം | കബീർ ടി.കെ | II | 135789 | 1000 (1220107159/ 16.03.23) | 1250 | 250 |

കുറവ് വന്ന തൊഴിൽ നികുതി അടവാക്കുന്നതിന് മേൽ പട്ടികയിലെ ജീവനക്കാരെ

അറിയിക്കുന്നതാണെന്നും ആയത് ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് അടവാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) പാരാ-മെഡിക്കൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാ-മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസി | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ആയുർ കെയർ | ബൈജു സി.ബി | 193/2022-23 | 1 |
| 2 | പ്രണവം ആയുർവേദ ക്ലിനിക് | സ്മിത രാമചന്ദ്രൻ | 291/2022-23 | 2 |
| 3 | ഐഡിയൽ ഹോമിയോ ക്ലിനിക് | ഡോ.ഫയാസ് പി.എം | 307/2022-23 | 3 |
| 4 | ലക്ഷ്മി ഹോമിയോപ്പതിക് ക്ലിനിക് | പാർവ്വതി പത്മകുമാർ | 321/2022-23 | 1 |
| 5 | ആയുർ കെയർ | ബൈജു സി.ബി | 380/2022-23 | 1 |
| 6 | ഹൃദയ കെയർ | ഡോ.ഗോപാലകൃഷ്ണൻ എ. പിള്ള | 354/22-23 | 4 |
| 7 | ശ്രീലയ ഡയഗ്നോസ്റ്റിക് സെന്റർ | ജിജിത രതീഷ് | - | 2 |
| 8 | പുനർജനി ആയുർവേദ | ഡോ.ശ്യാമ ടി.എം | 455/2022-23 | 1 |
| 9 | പ്രിസം ക്ലിനിക് | മാനുവൽ പോൾ തോമസ് | - | 1 |

4) ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഫ്രെസ്കോ മാർട്ട് | 306/22-23 | 5 |
| 2 | പേട്ടയിൽ ഇൻഡസ്ട്രീസ് | 31/22-23 | 4 |
| 3 | വർണ്ണ മെറ്റൽസ് | 39/22-23 | 8 |
| 4 | കൊച്ചിൻ എക്സ്പോർട്സ് പ്രൈ.ലി | 50/22-23 | 5 |
| 5 | സുദർശന ഏജൻസീസ് | 119/22-23 | 5 |
| 6 | എ.ആർ ടൂൾസ് | 139/22-23 | 5 |
| 7 | ഈരയിൽ കോൺക്രീറ്റ് ബ്രിക്സ് | 174/22-23 | 4 |
| 8 | RELKO എന്റർപ്രൈസസ് | 175/22-23 | 4 |
| 9 | SAS എന്റർപ്രൈസസ് | 257/22-23 | 5 |
| 10 | പ്രൈം ഡിസ്ട്രിബ്യൂഷൻ | 269/22-23 | 4 |
| 11 | OPT കൂൾ | 270/22-23 | 6 |
| 12 | LUCAMO RESTP CAFE | 282/22-23 | 4 |
| 13 | SIRET എനർജി എൻജിനീറിംഗ് പ്രൈ.ലി | 310/22-23 | 4 |
| 14 | സരസ്വതി മാർജിൻ ഫ്രീ മാർക്കറ്റ് | 330/22-23 | 5 |
| 15 | ഗേറ്റ്‌വേ ബ്യൂമോണ്ട്സ് ഹെയർ ഫിക്സിംഗ് | 336/22-23 | 4 |
| 16 | നന്ദനം ജ്വല്ലറി വർക്ക്സ് | 350/22-23 | 6 |
| 17 | ABT Triders Garments | 383/22-23 | 5 |
| 18 | Steelion Prefab Infra Solutions | 388/22-23 | 40 |
| 19 | ഹോം സ്റ്റോൺ സിഗ്നേച്ചർ | 432/22-23 | 5 |

| | | | |
|---|---|---|---|
| 20 | അൽ-ബെയ്സ്റ്റ് | 436/22-23 | 6 |
| 21 | ഫ്രണ്ട്സ് ടെയ്‌ലറിംഗ് സെന്റർ | 446/22-23 | 8 |
| 22 | ക്ലൂടെ ഹോളിഡേയ്സ് | 450/22-23 | 5 |
| 23 | Inzeron Trading And Contracting | 452/22-23 | 7 |
| 24 | ഹോട്ടൽ ഗീത | 469/22-23 | 7 |
| 25 | ഫില്ല് എയർ | 477/22-23 | 7 |
| 26 | ചെട്ടിനാട് സിമന്റ് കോർപ്പറേഷൻ | 493/22-23 | 4 |
| 27 | ATS ഹോണ്ട | 501/22-23 | 7 |
| 28 | Cedar Home Store Pvt Ltd | 528/22-23 | 20 |

5) താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി പത്രികകളിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുല്ലശ്ശേരി മിനറൽസ് | I & II |
| 2 | മാഞ്ഞൂരാൻ ഫ്യൂവൽ ഇൻജക്ഷൻ വർക്സ് | I & II |

മേൽ സ്ഥാപനങ്ങളുടെ അർദ്ധവാർഷിക വരുമാന വിവരങ്ങൾ പൂർണ്ണമാക്കി രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ തന്നെ ആയതിൽ വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതെന്നും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|---|---|
| 1 | വി.ഒ.ജോസ് | 10 | വി.എ.അലിയാർ |
| 2 | വിൽസൺ തോമസ് | 11 | കെ.എം.ജോസഫ് |
| 3 | എ.ജി. സനിൽ കുമാർ | 12 | കെ.ഐ.ഇട്ടീര |
| 4 | കെ.ഡി.ദേവസ്സികുട്ടി | 13 | കെ.കെ.ലത്തീഫ് |
| 5 | പി.എം.അബ്ദുൾ ഖാദർ | 14 | എ.എം.ഷാനവാസ് |
| 6 | വി.ജോയി | 15 | ഒ.എം.നാസ്സർ |
| 7 | അൻവർ പി.എം | 16 | സുഗതൻ പി.എ |
| 8 | സിന്റോ എം.എ | 17 | സിബി കെ.പി |
| 9 | എം.കെ.അബ്ദുൾ സലാം | 18 | ജൂബേഷ് എ.എം |

7) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം./ തീയതി | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | കുറവ് |
|---|---|---|---|---|---|
| 1 | Once Upon The River | 474/22-23 | 22 | 10 | 12 |
| 2 | പത്മ കഫേ | - | 14 | 8 | 6 |

8) വാർഷിക ധനകാര്യ പത്രിക പ്രകാരം ₹47,500/- (Profession Tax Of Institutions)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ആയത് എതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഈടാക്കിയതെന്ന് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ലഭ്യമാക്കുന്നതാണെന്ന് മറുപടി നല്കി. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

9) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ , ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഉപ ഖണ്ഡിക 3, 4, 6, 7, 9 എന്നിവയിൽ പരാമർശിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഫീസ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം വരെ, 10 ലക്ഷം മുതൽ 50 ലക്ഷം വരെ, 50 ലക്ഷം മുതൽ 2 കോടി വരെ,2 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്കു മുകളിൽ എന്നിങ്ങനെയും ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടി മുതൽ 10 കോടി വരെ, 10 കോടിയ്ക്കു മുകളിൽ എന്നിങ്ങനെയും സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം ₹500/-, ₹1000/- ₹5000/-, ₹10000/-, ₹15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ലൈസൻസ് അപേക്ഷയിലെ മൂലധന നിക്ഷേപം | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ഇഞ്ചിയോൺ മോട്ടോഴ്സ് പ്രൈ.ലി. | 6/13 A, 13 B, 13 C | 1294.13 ലക്ഷം(as Per PCB Certificate) | 15000 | 5000 | 10000 |
| 2 | ആലുവ റൂബെക്സ് പ്രൈ.ലി. | 16/1,2,3,2A | 3.85 കോടി | 5000 | 2000 | 3000 |

2) ലൈസൻസ് അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിരവധി അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല.

3) ചില സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. ഏതാനും സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | ലുലു | 438/22-23 | 2/471 | 300 |
| 2 | HYLUX Impex | 444/22-23 | 15/395 C2 | 300 |
| 3 | ജോയ്സ് ഫുഡ് കോർട്ട് | 391/22-23 | 9/571 D | 300 |
| 4 | കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 89/22-23 | 15/378 | 200 |
| 5 | ശരത് മെഡിക്കൽസ് | 113/22-23 | 4/266 | 300 |
| 6 | സുദർശന ഏജൻസീസ് | 119/2223 | 4/276,277 | 400 |
| 7 | റോയൽ ബേക്കറി & ജനറൽ സ്റ്റോർ | 163/22-23 | 4/263 | 200 |
| 8 | ഹോട്ടൽ പത്മ | 16/274 | 16/274 | 200 |
| 9 | അലീന ബ്യൂട്ടി പാർലർ | 238/22-23 | 15/419 S | 200 |
| 10 | കായീസ് കിച്ചൺ | 243/22-23 | 6/414 | 200 |

കുറഞ്ഞനിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/21.08.2023) കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2022-23 സാമ്പത്തിക വർഷവും പഴയ നിരക്കിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കിയാൽ മതിയെന്ന് 07.03.2022 തീയതിയിലെ 21(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. കോവിഡ് പ്രോട്ടോക്കോളുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കുറഞ്ഞ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളുടെ ഫീസ് 31-10-2017 ലെ ജി.ഒ.(പി.) 80/2017/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം പുതുക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

4) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല. പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 446 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 533 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതു പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ പുതിയ സംരംഭങ്ങൾ പഞ്ചായത്തിൽ സ്ഥാപിതമാകുമ്പോൾ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-14 പാർക്കിംഗിനായി രേഖപ്പെടുത്തിയ ഏരിയ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു

| | |
|---|---|
| ഫയൽ നം/ തീയതി | SC2-4880/2022 / 20.10.2022 |
| കെട്ടിട ഉടമയുടെ പേര് | ദിനേഷ്, കുന്നത്ത് വീട്,പുളിയനം |
| പെർമിറ്റ് നം./ തീയതി | A3-89/2019-20 / 17/12/2020 |
| ഉപയോഗക്രമം | വാണിജ്യാവശ്യം |
| പ്ലോട്ട് ഏരിയ | 283 $M^2$ |
| പ്ലാൻ പ്രകാരം | Basement Floor - 113 $M^2$<br>Ground Floor - 94.27 $M^2$<br>First Floor - 113 $M^2$<br>Second Floor - 113 $M^2$<br>Terrace Floor - 15.40 $M^2$<br>Total Proposed Area - 448.67 $M^2$ |

കെട്ടിടത്തിന്റെ Partial കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ ചേർത്തിരിക്കുന്ന അളവിൽ നിർമ്മിച്ച കെട്ടിട ഭാഗത്തിന് 16/300A(209.52 ച.മീ.), 16/300 B(104.76 ച.മീ.) എന്നിങ്ങനെ നമ്പറുകൾ നൽകി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

| കെട്ടിടം | പ്ലിന്ത് ഏരിയ ($M^2$) |
|---|---|
| ബേസ്മെന്റ് ഫ്ലോർ (പാർക്കിംഗ്) | 104.76 |
| ഗ്രൗണ്ട് ഫ്ലോർ (വാണിജ്യാവശ്യം) സ്റ്റെയർ | 104.76 |
| ഫസ്റ്റ് ഫ്ലോർ (വാണിജ്യാവശ്യം) | 104.76 |
| ആകെ | 314.28 |

കെട്ടിടത്തിന്റെ Partial കംപ്ലീഷൻ പ്ലാൻ പ്രകാരം Basement Floor - ൽ 2 കാർ പാർക്കിംഗിനും 19 ച.മീ. ഏരിയ ടൂവീലർ പാർക്കിംഗിനുമാണ് നൽകിയിരിക്കുന്നത്. എന്നാൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെയും, ഓവർസീയറുടെയും സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബേസ്മെന്റിലേക്ക് വാഹനങ്ങൾ ഇറങ്ങുന്നതിനുള്ള റാമ്പ് കെട്ടിയടച്ച് പാർക്കിംഗിനായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഭാഗം പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലിന്റെ അടുക്കളയായി ഉപയോഗിക്കുന്നതായി കണ്ടു. പാർക്കിംഗിനു വേണ്ടി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം ഇത്തരത്തിൽ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് KPBR Rule 29 ന് വിരുദ്ധമാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21.08.2023) പെർമിറ്റ് ലഭ്യമാക്കുമ്പോഴും Partial കംപ്ലീഷൻ സമർപ്പിച്ചപ്പോഴും ആവശ്യാനുസരണമുള്ള പാർക്കിംഗ് ലഭ്യമായുണ്ടെന്നും ഓഡിറ്റ് സ്ഥല പരിശോധന നടത്തിയപ്പോഴാണ് നിലവിലെ പാർക്കിംഗ് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കണ്ടെത്തിയതെന്നും ആയത് പൂർവ്വ സ്ഥിതിയിലാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. ആയതിന്മേൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോ യെന്നറിയാനായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയാൽ ഇത്തരത്തിലുള്ള അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

### 1-15 നമ്പറിംഗ് ഫയലുകളിൽ ഒറ്റതവണ നികുതി , ഫോറം 2 എന്നീ റിട്ടേണുകൾ വാങ്ങി സൂക്ഷിക്കുന്നില്ല

1) പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 2022-23സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രാകരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ

അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 4/466b A | ലെസ്ലി വർഗ്ഗീസ്,കുറൂർ പുത്തൻപുരക്കൽ വീട്,ചെങ്ങമനാട് | പാർപ്പിടാവശ്യം |
| 2 | 10/2 D | ജോഷി ദേവസ്സി, തച്ചപ്പിള്ളി,നെടുവന്നൂർ | വ്യാവസായം |
| 3 | 1/39 B, 39 C | ഹബീഷ് കെ.എം, മുഹമ്മദാലി, സുഹറ | പാർപ്പിടാവശ്യം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/21.08.2023) നിലവിൽ മേൽ ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചു വരുന്നുണ്ടെന്നും ഓഡിറ്റിൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതി അടച്ച രസീത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ചട്ടം 11 പ്രകാരം കെട്ടിട ഉടമ ഫോറം 2-ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പഞ്ചായത്തിലെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ഫോറം നം.2 ഫയലിൽ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 16/300 A, B | ദിനേഷ്, കുന്നത്ത്,പുളിയനം | വാണിജ്യം |
| 2 | 10/2 D | ജോഷി ദേവസ്സി | വ്യാവസായം |
| 3 | 11/227 B,C,D,E,F | പി.എ. ആസാദ്, പാറമന,തുരുത്തുമ്മൽ,ആലുവ | വാണിജ്യം & പാർപ്പിടാവശ്യം |
| 4 | 18/582 A | ഷീബ ഈരയിൽ വീട്, ചെങ്ങമനാട് | വാണിജ്യം |
| 5 | 1/39 B, 39 C | ഹബീഷ് കെ.എം, മുഹമ്മദാലി, സുഹറ | പാർപ്പിടാവശ്യം |

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ചട്ടം 11 പ്രകാരം കെട്ടിട ഉടമ ഫോറം 2-ൽ വസ്തു നികുതി റിട്ടേൺ വാങ്ങി സൂക്ഷിക്കാതെയിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/21.08.2023) തുടർന്നുള്ള ഫയലുകളിൽ ഫോറം നം.2 വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി.

കെട്ടിട നിർമ്മാണം പൂർത്തിയായി നമ്പറിംഗിനായി അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയിൽ നിന്നും ചട്ടപ്രകാരമുള്ള ഫോറം നം.2, സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ ഉത്തരവു പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല -1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 195/23, കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ | ₹1,50,000/- |
| ചെലവ് | ₹1,50,000/- |
| ബിൽ നം/തീയതി | 22110452019501343219 / 18.03.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ 3 കുട്ടികൾക്ക് ഇതു പ്രവർത്തന ക്ഷമമായി നില നിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ തുക നൽകുന്ന പദ്ധതിയാണിത്. പഞ്ചായത്ത് കമ്മിറ്റി 23.02.2023 ൽ അംഗീകരിച്ച (തീരുമാനം നം.1/22 ) ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മേൽ പദ്ധതിക്കായി താഴെപ്പറയുന്ന 3 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

A)ആരാധ്യ വി.വി

B)മുഹമ്മദ് നാഷിദ് നവാസ്

C)മുഹമ്മദ് സാഹിൽ.കെ.എസ്

കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റ് മിഷനിലേക്ക് (A/c No.701011400000134, ജില്ലാ ട്രഷറി, തിരുവനന്തപുരം) തുക ഒടുക്കിയിട്ടുണ്ട്. ടി ആനുകൂല്യം മേൽ കുട്ടികൾക്ക് ലഭ്യമായതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.8/19.08.2023ന് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ആയത് ലഭ്യമായിട്ടില്ല എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 സി.എച്ച്.സി. - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി വ്യത്യസ്ത ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 03/23, പാലിയേറ്റീവ് കെയർ |
| അടങ്കൽ, തുക | 1) ₹7,47,704/- (വികസന ഫണ്ട് - ജനറൽ)<br>2) ₹3,00,000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1) ₹7,43,131/- (വികസന ഫണ്ട് - ജനറൽ)<br>2) ₹2,43,650/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി ചെങ്ങമനാട് |

1]

ബിൽ നം.13/22-23/08.11.2022(98404-ബ്ലോക്ക് വിഹിതം) പ്രകാരം KMSCL ൽ (പ്രഫോർമ ഇൻവോയ്സ് നം. PRF1789/20.10.2022) നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് 98404 രൂപ കൈമാറിയിട്ടുണ്ട്.താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 67788 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|
| 1 | 6411 /27.05.2023 | 37,632 |
| 2 | 5649 / 24.05.2023 | 636 |
| 3 | 8393/09.06.2023 | 3,842 |
| 4 | 12763/14.07.2023 | 5,754 |
| 5 | 14795/31.07.2023 | 19,924 |
| | ആകെ | 67,788 |

ബാക്കി 30,616/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 30,616 /- തടസ്സത്തിൽ വെക്കുന്നു.

2]

ബിൽ നം.05/22-23/30.08.2022 പ്രകാരം (125073-വികസന ഫണ്ട്-ജനറൽ) KMSCL ൽ (പ്രഫോർമ ഇൻവോയ്സ് നം. PRF717/18.07.2022) നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് 79176 രൂപ കൈമാറിയിട്ടുണ്ട്.താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 61601രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 1 | 13479 /11.10.2022 | 8,243 |
| 2 | 15379 / 31.10.2022 | 37,520 |
| 3 | 7653 /03.06.2023 | 4,632 |
| 4 | 6170/26.05.2023 | 11,206 |
| | ആകെ | 61,601 |

ബാക്കി 17,575/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതു വരെ 17,575/- രൂപ തടസ്സത്തിൽ വെക്കുന്നു.

3]

ബിൽ നം.17/22-23/30.12.2022 പ്രകാരം (49896-ബ്ലോക്ക് വിഹിതം) KMSCL ൽ (പ്രഫോർമ ഇൻവോയ്സ് നം. PRF2838/08.12.2022) നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് 37,208/- രൂപ കൈമാറിയിട്ടുണ്ട്.എന്നാൽ ടി തുകക്കുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല . ആയതിനാൽ ചെലവ് തുക 37,208/- രൂപ തടസ്സപ്പെടുത്തുന്നു.

നിലവിൽ മേൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥന് നൽകിയ എൻക്വയറി നം.1/17.08.2023ന് മറുപടിയായി മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി നടത്തി ബില്ലുകളുടെ പകർപ്പുകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്നതു വരെ ആകെ 85,399/- രൂപ (30616 + 17575 + 37208) തടസ്സത്തിൽ വെക്കുന്നു.
കിടപ്പു രോഗികളുടെ പരിചരണത്തിനായി ലഭ്യമാക്കേണ്ട മരുന്നുകളായതിനാൽ ആയവ യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ രോഗീ പരിചരണത്തിൽ തടസ്സം നേരിടുന്നതാണെന്ന കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. ആയതിനാൽ KMSCLമായി ബന്ധപ്പെട്ട് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ആംബുലൻസ് പരിപാലനത്തിലെ അപാകതകൾ

ചെങ്ങമനാട് പഞ്ചായത്തിന്റെ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച ആംബുലൻസ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കൈമാറി നൽകിയിരുന്നു

(വണ്ടി നം.KL-41-R-4871). നിർദ്ധനരായ രോഗികൾക്ക് സൌജന്യമായും മറ്റ് രോഗികൾക്ക് വളരെ ചുരുങ്ങിയ നിരക്കിലും വാടക നിശ്ചയിച്ച് ടി ആംബുലൻസ് ഉപയോഗപ്പെടുത്തി വരുന്നതായി രേഖപ്പെടുത്തി പ്രോജക്ട് നം.116/23 പ്രകാരം വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം, ഇൻഷുറൻസ്, മറ്റ് ചെലവുകൾ എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ടി ആംബുലൻസിന്റെ രസീത്, ലോഗ്ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) രസീത് ബുക്ക് നമ്പർ 1 (1 മുതൽ 100 വരെ രസീതുകൾ) പരിശോധിച്ചതിൽ കി.മീറ്ററിന് 7.50/- രൂപ നിരക്കിലാണ് തുക ഈടാക്കുന്നത് എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ മിക്ക രസീതുകളിലും കി.മീ റീഡിംഗ് എഴുതിയത് പരിശോധിച്ചപ്പോൾ ടി നിരക്കിലല്ല തുക ഈടാക്കിയിരിക്കുന്നത് എന്ന് കാണുന്നു. സഞ്ചരിച്ച ദൂരം ലോഗ്ബുക്കുമായി ഒത്തു നോക്കുമ്പോൾ പല ദിവസത്തെയും പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി 26.02.2023 തീയതിയിലെ CHC To SNDP കി.മീ റീഡിംഗ് ലോഗ്ബുക്കിൽ 21 കി.മീറ്ററും രസീതിൽ 17 കി.മീ ഉം ആണ്. 17 കി.മീന് 7.50 രൂപ നിരക്കിൽ 128 രൂപ ആണ് ഈടാക്കേണ്ടത്.എന്നാൽ ടി രസീത് (നം.82) പ്രകാരം 300 രൂപ ഈടാക്കിയിട്ടുണ്ട്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.3/18.08.2023) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ കിലോമീറ്റർ റീഡിംഗ് എഴുതിയതിൽ ഡ്രൈവറുടെ ഭാഗത്ത് നിന്ന് വന്ന പിശക് കാരണമാകാം അങ്ങനെ സംഭവിച്ചതെന്നും മിനിമം ചാർജ്ജ് 250 രൂപ ആണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പഞ്ചായത്ത് കമ്മിറ്റിയുടെ 17.01.2022ലെ 36(1) നമ്പർ തീരുമാനം പ്രകാരം ജില്ലയ്ക്ക് അകത്തും പുറത്തും കി.മീറ്ററിന് 7.50/- രൂപ നിരിക്കിൽ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോവിഡ് രോഗികൾക്ക് സൗജന്യമായും മറ്റ് രോഗികൾക്ക് കി.മീറ്ററിന് 7.50/- രൂപ നിരിക്കിലും മിനിമം ചാർജ്ജ് 250/- ഈടാക്കുന്നതിനും ബൈലോ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നു. പുതിയ ബൈലോ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) മെഡിക്കൽ ഓഫീസറുടെ ഒപ്പ് രസീത് ബുക്കിൽ പതിപ്പിക്കുകയോ ആരിൽ നിന്നാണ് തുക ലഭ്യമായത് എന്ന് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. പോയ സ്ഥലം, കി.മീ എന്നിവ മാത്രമാണ് രേഖപ്പെടുത്തുന്നത്.രസീതുകൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതുകയോ രസീത്ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രസീറ്റ് നമ്പർ 76 കൌണ്ടർ ഫോയിൽ സഹിതം ഉപയോഗിക്കാതെ വിട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ കാരണം കാണിച്ച് ക്യാൻസൽ ചെയ്ത് മറുപടി തന്നു.

3) 26.02.2023 മുതലുള്ള ലോഗ്ബുക്ക് മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത്. 01.04.2022 മുതലുള്ള പഴയ ലോഗ്ബുക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഓഡിറ്റ് നടന്ന സമയത്ത് ലഭ്യമാക്കിയില്ല.

4) തുക പഞ്ചായത്തിൽ ഒടുക്കുന്നതിലെ അപാകതകൾ

A) കളക്ഷൻ രജിസ്റ്റർ മെഡിക്കൽ ഓഫീസറോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയാണ് പഞ്ചായത്തിൽ ഒടുക്കുന്നത്.

B) കളക്ഷൻ തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതായി കാണുന്നില്ല. 2022 ഏപ്രിൽ മുതൽ 04.11.2022 വരെയുള്ള (രസീത് നം.1 മുതൽ 78 വരെ) ആകെ കളക്ഷൻ തുക 26,225 രൂപ ഒരുമിച്ച് 23.12.2022 ൽ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് (രസീത് നം.1220104155/G071302) . 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ വിഷയം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ തുകകൾ യഥാസമയം അടവാക്കുന്നുണ്ട് എന്ന് മറുപടി ലഭിച്ചു.

C) തുക ഒടുക്കിയതിൽ കുറവ്

| ക്രമ നം | രസീത് ബുക്കിലെ നം | കളക്ഷൻ തീയതി | യഥാർത്ഥ കളക്ഷൻ തുക | അടച്ച തുക | രസീത് നം./തീയതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 87 മുതൽ 90 വരെ | 3.3.2023 മുതൽ 14.03.2023 വരെ | 1300 | 700 | 1220107043 /15.03.2023 | 600 കുറവ് |
| 2 | 91 മുതൽ 93 വരെ | 17.03.2023 മുതൽ 21.03.2023 വരെ | 950 | 900 | 1220107482 /22.03.2023 | 50 കുറവ് |
| 3 | 94 മുതൽ 95 വരെ | 24.03.2023 | 600 | 950 | 1220107663/25.03.2023 | 350 കൂടുതൽ |
| | | | | | ആകെ | 300 കുറവ് |

മേൽ സൂചിപ്പിച്ച വിധം ആകെ 300/- രൂപ കുറവായി ഒടുക്കിയതിന് വിശദീകരണം ആരാഞ്ഞതിന് ടി തുക രസീത് നം.1230101529/22.08.2023ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്. ആംബുലൻസ് വരവിന്റെ ഒടുക്ക് സംബന്ധിച്ച കൃത്യത മെഡിക്കൽ ഓഫീസർ യഥാസമയം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം മെറ്റീരിയലും സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകളും സപ്ലൈ ചെയ്യുന്നതിനായി 2022-23 വർഷം ആകെ ₹32,08,758/- ആണ് ചെലവായിട്ടുള്ളത്. ഇത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1. മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഒരു സാമ്പത്തിക വർഷം ടെൻഡർ ക്ഷണിച്ച് ഒരു കരാറിൽ ഏർപ്പെടുന്നതിനു പകരം മെറ്റീരിയൽ ആവശ്യമുള്ള ഓരോ പദ്ധതിയ്ക്കും പ്രത്യേകം കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതായി കാണുന്നു. ഒരുവർഷത്തെ എല്ലാ മെറ്റീരിയലും സപ്ലൈ ചെയ്യുന്നതിന് ഒരു കരാറുകാരന് സാധിക്കില്ല എന്നതിനാലാണ് ഓരോ പദ്ധതിയ്ക്കും പ്രത്യേകം ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടത് എന്ന മറുപടി തൃപ്തികരമല്ല. ടെണ്ടർ നടപടികൾ കൂടുതൽ മൽസരാധിഷ്ഠിതമാകുന്നതിന് ഓരോ പദ്ധതിയ്ക്കും പ്രത്യേകം ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെടുന്നതിന് പകരം സാമ്പത്തിക വർഷം ആവശ്യമായ എല്ലാ വസ്തുക്കൾക്കും ഒരുമിച്ചോ ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഇനം തിരിച്ചോ ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ട് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. കൃത്യമായ GST Invoice- ഫയലുകളിൽ സൂക്ഷിയ്ക്കുന്നില്ല. മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാറുകാരനും സെക്രട്ടറിയും തമ്മിലാണ് കരാറിൽ ഏർപ്പെടുന്നത് എന്നതിനാൽ കരാറുകാരൻ GST ഫോർമാറ്റിൽ സെക്രട്ടറിയുടെ പേരിൽ ബിൽ തയ്യാറാക്കി നൽകുകയാണ് ചെയ്യുന്നത് എന്ന മറുപടി സ്വീകാര്യമല്ല. കരാറുകാരന് സ്വന്തം നിലയിൽ GST Invoice- നൽകാൻ കഴിയുന്നില്ല എങ്കിൽ കരാറുകാരൻ GST രജിസ്ട്രേഷൻ ഉള്ള സ്ഥാപനത്തിൽ നിന്ന് വാങ്ങുമ്പോൾ ലഭിയ്ക്കുന്ന GST Invoice- ഹാജരാക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

3. ബിൽ തുക രണ്ടരലക്ഷത്തിൽ അധികരിക്കുന്ന സമയത്തു തന്നെ ജി എസ് ടി - ടി ഡി എസ് കുറവു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല. ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം താഴെ ചേർത്ത പദ്ധതികൾക്കായി 2022-23 വർഷം മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് തുക നൽകിയെങ്കിലും 2022-23 വർഷം ജി.എസ്.ടി. - ടി.ഡി.എസ്. കുറവു ചെയ്തില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്ത പ്രകാരം തുക അടവാക്കി.

| ക്രമ നം | പദ്ധതി | കരാറുകാരൻ | കരാർ തുക | അടവാക്കിയ തുക |
|---|---|---|---|---|
| 1 | തോട് സൈഡ് കെട്ടി സംരക്ഷണം | കെ.ഡി. ദേവസ്സികുട്ടി | 2,60,173 | 5,300/- റസീപ്റ്റ് നം.1230101491/18-8-23 |
| 2 | നടപ്പാത നിർമ്മാണം | ലത്തീഫ് കെ.കെ. | 2,63,272 | 5,300/- റസീപ്റ്റ് നം.1230101492/18-8-23 |
| 3 | എസ്.എച്ച്.ജി. വർക്ക് ഷെഡ് നിർമ്മാണം | വി.ജി. സുകുമാരൻ | 2,60,552 | 5,300/- റസീപ്റ്റ് നം.1230101493/18-8-23 |
| 4 | സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ | കെ.ഡി. ദേവസ്സികുട്ടി | 3,73,350 | 7,500 റസീപ്റ്റ് നം.1230101494/18-8-23 |
| 5 | സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ | ബിനു കെ. തോമസ് | 2,91,000 | 5,900/- റസീപ്റ്റ് നം.1230101495/18-8-23 |

അപാകതകൾ പരിഹരിക്കുന്നതിന് ഓഡിറ്റ് നിർദേശങ്ങൾ പാലിക്കേണ്ടതും ഭാവിയിൽ ബിൽ തുക രണ്ടരലക്ഷത്തിലധികം അധികരിക്കുന്ന സമയത്തു തന്നെ ജി.എസ്.ടി. - ടി.ഡി.എസ്. കുറവു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

1. പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെതുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാ പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ /നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്.)നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും നഗരസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം. , പഞ്ചായത്ത് | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | വിജയമ്മ | 18.5.2022 | 4/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ | നിലവിലും ആക്ടീവ് ആയി തുടരുന്നു.മരണ ശേഷം നിലവിലും തുക |

| | | | | |
|---|---|---|---|---|
| | 106520100391, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | നിക്ഷേപിച്ചു. 6/2023 തുക ബാങ്കിന് കൈമാറി. | അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 2 | നസീർ എം എ 107000202593, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 29-5-2022 വാർദ്ധക്യ പെൻഷൻ | 9/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 11/22 മുതൽ സസ്പെൻഡ് ചെയ്തു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 3 | ഗോപിനാഥൻ 107000200645 ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 13-6-2022, വാർദ്ധക്യ പെൻഷൻ | 8/2022 വരെ തുക തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 11/22 മുതൽ സസ്പെൻഡ് ചെയ്തു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 4 | ജോസഫ് വർഗീസ് 105360200581, കോട്ടയം പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | 22-6-2022. വാർദ്ധക്യ പെൻഷന് | 4/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 6/2023 തുക ബാങ്കിന് കൈമാറി. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം നിലവിലും തുക അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 5 | അന്നം പാപ്പ 107000200257, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 7-1-2023 വാർദ്ധക്യ പെൻഷൻ | 2/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.6/22 മുതൽ സസ്പെൻഡ് ചെയ്തു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 6 | കെ ഇ മുഹമ്മദ് അലി 107000200317, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 16-1-2023 വാർദ്ധക്യ പെൻഷൻ | 2/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.6/22 മുതൽ സസ്പെൻഡ് ചെയ്തു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 7 | കാളികുട്ടി 107010600330, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 1.3.2023 കർഷക തൊഴിലാളി പെൻഷൻ | 4/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 6/2023 തുക ബാങ്കിന് കൈമാറി. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം നിലവിലും തുക അക്കൗണ്ടിൽ നിക്ഷേപിച്ചു കൊണ്ടിരിക്കുന്നു. മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 8 | ത്രേസ്യാമ്മ 107000100517, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | 2-12-2021, കർഷക തൊഴിലാളി പെൻഷൻ | 11/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി ബന്ധുക്കൾ നൽകുന്ന അപേക്ഷ പ്രകാരം നടപടി സ്വീകരിക്കുന്നതായി കാണുന്നു എങ്കിലും ഗ്രാമപഞ്ചാത്തിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിച്ചതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതുമാണ്. ഇതിനായി മരണ രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലുള്ള ആശുപത്രികളിൽ മരണപ്പെടുന്ന മറ്റ് തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ളവരുടെ വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാകാത്തതുമൂലം അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ടു ചെയ്ത മറ്റ് തദ്ദേശസ്ഥാപനങ്ങളിൽപ്പെട്ട എല്ലാവരുടേയും വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് സമയബന്ധിതമായി അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 20.08.2023 ലെ ഓഡിറ്റ് എൻക്വയറി നം.14നുള്ള മറുപടിയിൽ ക്രമ നം 1, 4, 7 എന്നീ ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം അതത് തദ്ദേശസ്ഥാപനങ്ങളെ അറിയിച്ചിട്ടുള്ളതാണ് എന്നും ക്രമ നം. 2, 3, 5, 6, 8 എന്നീ ഗുണഭോക്താക്കൾക്ക് മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ക്രമ നം. 1, 4, 7 എന്നീ ഗുണഭോക്താക്കൾ നിലവിലും ആക്ടീവായി തുടരുന്നതിനാൽ അതത് തദ്ദേശസ്ഥാപനങ്ങളെ കത്ത് നൽകി അക്കൗണ്ട് സസ്പെൻഡ് ചെയ്തു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ക്രമ നം. 2, 3, 5, 6, 8 എന്നീ ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2022, 2023 വർഷങ്ങളിൽ മരണമടഞ്ഞ കുറച്ചുപേരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. ഇത്തരം അപാകതകൾ ഇനിയും ഉണ്ടാകാമെന്നതിനാൽ മുൻ വർഷങ്ങളിലേതടക്കം മരണപ്പെട്ട എല്ലാവരേയും സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തേണ്ടതും ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-21 എം.സി.എഫ്. കെട്ടിട നിർമ്മാണം - പദ്ധതി ചെലവ്, സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0051/23 |
| പ്രോജക്ടിന്റെ പേര് | എം.സി.എഫ്. കെട്ടിട നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 1846255/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് വിവരം | 1541249/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| വൌച്ചർ നം. / തുക | വൗച്ചർ നം 22200518/01.10.2022, ₹15,41,249/- |

ഈ പ്രൊജക്ട് പ്രകാരം എം.സി.എഫ്. കെട്ടിട നിർമ്മാണത്തിനായി എം.ബുക്ക്/ വൗച്ചർ നം 22200518/1-1-0-23 പ്രകാരം ചെലവായ ₹15,41,249/- സുലേഖ ചെലവു പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/21.8.23)സുലേഖയിൽ ചെലവ് വിവരം രേഖപ്പെടുത്തുന്നത് പഞ്ചായത്തിൽ നിന്നുമാണ് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. തുക കരാറുകാരന് നൽകിയിട്ടുള്ളതും നിലവിൽ കെട്ടിടത്തിൽ എം.സി.എഫ്. പ്രവർത്തനം നടക്കുന്നതായും അറിയിച്ചു. ബിൽ തുക കരാറുകാരന് കൈമാറിയതിന് ശേഷം സുലേഖയിൽ ചെലവ് വിവരം രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

നിലിവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ മുകളിൽ നിർമ്മിച്ച തൻ വർഷത്തെ നിർമ്മാണ പ്രവൃത്തിയുടെ ചെലവായ ₹15,41,249/- കൂടി ചേർത്ത് ആസ്തി വാല്യൂ കാലികമാക്കി അറിയിക്കേണ്ടതും 2022-23 വർഷത്തെ സുലേഖ ചെലവു പത്രികയിൽ മേൽ പദ്ധതി ചെലവ് രേഖപ്പെടുത്തി പത്രികയിൽ മാറ്റം വരുത്തി അറിയിക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

2) എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

3) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.08.23) നിർവ്വഹണ ഉദ്യോഗസ്ഥയായ് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാകുന്നില്ല. ഇ-ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലോ വരവ് വന്നിട്ടുള്ള തുകകൾ പഞ്ചായത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. നാളിതുവരെ പഞ്ചായത്തിന് ലഭ്യമാകേണ്ട ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഓരോ വർഷവും എത്ര തുക ക്രെഡിറ്റ് ചെയ്തു, എത്ര തുക തിരികെ ലഭ്യമാക്കി എന്നുള്ള വിവരങ്ങൾ പ്രതിമാസ/വർഷ കളക്ഷൻ റിപ്പോർട്ടുകൾ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/18.8.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം 31.03.2021 വരെയുള്ള ₹1,24,390/- പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായും 01.04.2021 മുതൽ 30.04.2022 ₹1,18,005/- ലഭിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും 01.05.2022 മുതൽ 31.03.2023 വരെയുള്ള ₹1,42,535/- അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. തുകകളുടെ കൃത്യത ഉറപ്പാക്കി തുടർ നടപടികൾ അറിയിക്കേണ്ടതും ഭാവിയിൽ അതത് സാമ്പത്തിക വർഷം തന്നെ തുക അടവാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500202 | ₹ 37,20,103/- | ₹9,67,943/- | ₹ 13,58,227/- | ₹ 33,29,819/- |

ക്രമീകരിച്ച തുകയുടെ വിശദ വിവരം

| വർഷം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക/തിയതി | മുൻകൂർ ക്രമീകരിച്ച തുക/തിയതി | ചെലവഴിക്കാൻ ബാക്കിയുള്ള തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ നമ്പർ/തിയതി |
|---|---|---|---|---|---|
| 2022-23 | Streetlight Line Extension Proj No. S001/23 | ₹ 9,67,943/- | ₹ 2,45,617/- | 7,22,326/- (*) | DB No. 16/CWA/ Street Light/2022-23/ 166 Dated 07.03.2023 |
| 2021-22 | Street Line Extention Proj No. S118/22 | ₹ 11,12,610/- | ₹ 11,08,775/- | 0 | DB No. 24/ES Athani/ 2022-23/165 Dated 21.12.2022 |
| | | | ₹ 3,835/- | | No UC No & Date. Work Completed On 24.03.2022 |
| | ആകെ | | ₹ 13,58,227/- | | |

(*) പഞ്ചായത്ത് 2.8.2023 ൽ നൽകിയ SCI-S01/23 നമ്പർ കത്തിനെ തുടർന്ന് ചെലവഴിക്കാൻ ബാക്കിയുള്ള 7,22,326/- രൂപയിൽ 5,06,834/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം കെ.എസ്.സി.ബി യിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്.

ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന പ്രവൃത്തികളുടെ വിശദ വിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | ഇലക്ട്രിക്കൽ സെക്ഷൻ | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2016-17 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S004/17 | KSEB, Athani | NEFT No. RBISDTHPAO 14000000194204198 Dtd 23.3.2017 | ₹6,59,435/- | - | ₹10,00,000/- |
| | | KSEB, Chengamanad | ലഭ്യമല്ല | ₹2,78,625/- | - | |
| | | KSEB, Chowara | ലഭ്യമല്ല | ₹61,940/- | - | |
| 2017-18 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S0015/18 | KSEB, Athani | UTR No. U000000 293262426 /24.10.2017 | ₹81,925/- | - | ₹ 1,85,240/- |
| | | KSEB, Chowara | UTR No. U000000 357192992 /24.02.2018 | ₹67,275/- | - | |
| | | KSEB, Aluva | UTR No. U000000 357192994 /24.02.2018 | ₹36,040/- | - | |
| 2018-19 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S00154/19 | KSEB, Chowara | UTR No. U000000 447075810 /16.07.2018 | ₹48,875/- | - | ₹3,96,685/- |
| | | KSEB, Chengamanad | UTR No. U000000 447075808 /16.07.2018 | ₹1,11,360/- | - | |
| | | KSEB, Athani | UTR No. U000000 528666454 /17.11.2018 | ₹2,36,450/- | - | |
| 2018-19 | സ്ട്രീറ്റ് ലൈൻ വലിക്കൽ S00125/19 | KSEB, Athani | UTR No. U000000 528666452 /17.11.2018 | ₹ 2,39,957/- | - | ₹ 3,43,080/- |
| | | KSEB, Chowara | UTR No. U000000 528666450 /17.11.2018 | ₹ 64,983/- | - | |
| | | KSEB, Chengamanad | UTR No. U000000 528666448 /17.11.2018 | ₹ 38,140/- | - | |
| 2019-20 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S0033/20 | KSEB, Chengamanad | UTR No. U000000 755323440 /21.01.2020 | ₹ 3,07,862/- | - | ₹ 3,56,785/- |
| | | KSEB, Chengamanad | UTR No. U000000 764142270 /22.02.2020 | ₹ 48,923/- | - | |
| 2020-21 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S0124/21 | KSEB, Chowara | UTR No. U000000 787239612 /13.05.2020 | ₹ 3,25,703/- | - | ₹ 3,25,703/- |
| 2022-23 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ S001/23 | KSEB, Chengamanad | EGram No. XVFC/2022-23/P/62 Dtd 21.03.2023 | ₹ 4,79,623/- | - | ₹ 7,22,326/- |
| | | KSEB, Chengamanad | EGram No. XVFC/2022-23/P/62 Dtd 21.03.2023 | ₹ 27,211/- | - | |
| | | KSEB, Chowara | EGram No. XVFC/2022-23/P/62 Dtd 21.03.2023 | ₹ 2,45,617/- | ₹2,45,617/- | |
| | | KSEB, Chowara | EGram No. XVFC/2022-23/P/62 Dtd 21.03.2023 | ₹ 2,15,492/- | - | |

| | | | | |
|---|---|---|---|---|
| | | | 31.3.2023 ലെ നീക്കിയിരുപ്പ് തുക | ₹33,29,819/- |

ബി) കേരള ജല അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | വിനിയോഗക്കാതെ തിരിച്ചടച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹ 9,93,798/- | ₹ 1,90,000/- | ₹ 7,37,251/- | ₹ 4,46,547/- |

ക്രമീകരിച്ച തുകയുടെ വിശദ വിവരം

| വർഷം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക/തിയതി | ചെലവഴിച്ച തുക/തീയതി | ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചത് | തിരിച്ചടച്ച തുകയുടെ രസീത് നമ്പർ/തീയതി/തുക |
|---|---|---|---|---|---|
| 2016-17 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S024/17 | ₹ 4,00,000/- | ₹ 3,40,067/- | ₹ 59,933/- | രസീത് നമ്പർ 1220100643/G071302 തിയതി 24.5.2022 ₹ 7,37,251/- |
| 2020-21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0239/21 | ₹ 6,77,318/- | ₹ 0 | ₹ 6,77,318/- | |
| | ആകെ | | | ₹ 7,37,251/- | |

ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന പ്രവൃത്തികളുടെ വിശദ വിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| 2018-19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0115/19 | UTR No. U000000 612967644 /11.03.2019 | ₹ 85,984/- | - | ₹85,984/- |
| 2018-19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0185/19 | UTR No. U000000 510942124 /20.10.2018 | ₹ 33,927/- | - | ₹33,927/- |
| 2018-19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0160/19 | UTR No. U000000 528666458 /17.11.2018 | ₹1,36,636/- | - | ₹1,36,636/- |
| 2022-23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0002/23 | EGram No. XVFC/2022-23/P/36 Dtd 19.10.2022 | ₹ 1,90,000/- | | ₹1,90,000/-(*) |
| | | 31.3.2023 ലെ നീക്കിയിരുപ്പ് തുക | | | ₹4,46,547/- |

(*) കേരള ജല അതോറിറ്റിയുടെ 10.04.2023 ലെ A6-4204-2022 നം ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം 1,69,714/- രൂപ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള നിക്ഷേപ തുകയിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന 37,76,366/- രൂപയുടെ (KSEB-33,29,819/- + KWA – 4,46,547/-) നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണ് .

1-25 ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച പലിശ അധികമായി രേഖപ്പെടുത്തിയിരിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സ് പരിശോധിച്ചതിൽ Receipt & Payment Account ന്റെ RP-9 പ്രകാരവും Income & Expenditure Account ന്റെ I-8 പ്രകാരവും Interest Earned എന്ന് കാണിച്ചിരിക്കുന്നത് 10,26,785/- രൂപയെന്നാണ്. എന്നാൽ ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻ വർഷം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച ബാങ്ക് പലിശ 9,85,324/- രൂപ മാത്രമാണ്. ടി അക്കൗണ്ടിന്റെ ലെഡ്ജർ റിപ്പോർട്ട് പ്രകാരം അധികമായി കാണിച്ചിരിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് നമ്പർ | വൗച്ചർ നം./തീയതി | ബാങ്ക് പലിശ | അക്കൗണ്ടിന്റെ വിവരം |
|---|---|---|---|---|
| 1 | 450210101 | 122000344/31.3.23 | 41,361.00 | HDFC CFC Grant A/c |

| | | | | |
|---|---|---|---|---|
| 2 | 450210101 | 1220000352/31.3.23 | 100.00 | Literacy Grant A/c |
| | ആകെ | | 41,461.00 | |

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള പലിശതുകകൾ അതാത് ഫണ്ട് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകളിൽ തന്നെ രേഖപ്പെടുത്തേണ്ടവയാണ് എന്ന് അറിയിച്ച് 21.08.2023ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് 21.08.2023ൽ ലഭ്യമാക്കിയ മറുപടിയിൽ ആയത് 2023-24 വർഷത്തിൽ തിരുത്താമെന്ന് അറിയിച്ചു. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-26 സി.എഫ്.സി. ഗ്രാന്റിന്റെ (Basic Grant)ബാങ്ക് അക്കൗണ്ടിലെ പലിശ കണക്കാക്കിയതിലെ അപാകത

2022-23 വർഷത്തെ സി.എഫ്.സി. ഗ്രാന്റിന്റെ (Basic Grant) വരവ് - ചെലവ് കണക്ക് സമർപ്പിച്ചതിൽ തൻ വർഷത്തെ എച്ച്.ഡി.എഫ്.സി. ബാങ്കിലേക്കുള്ള വരവ് എ.സി.ആർ. പ്രകാരമുള്ള 30,19,000/- രൂപയും ബാങ്ക് പലിശ 1,43,501/- രൂപയും കൂടി ആകെ 31,62,501/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സി.എഫ്.സി ഗ്രാന്റിന്റെ എച്ച്.ഡി.എഫ്.സി. ബാങ്ക് അക്കൗണ്ട് നം.50100410192260 ന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻ വർഷം ബാങ്ക് പലിശ ഇനത്തിൽ ലഭിച്ചിരിക്കുന്ന തുക 1,18,433/-രൂപ (16345+17476+38879+45733) മാത്രമാണ്. 25,068/- രൂപ അധികം കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് 21.08.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24ന് 21.08.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ 01.04.2022 ൽ ലഭിച്ച ബാങ്ക് പലിശ തുകയായ 16,345/- രൂപ കണക്കിലെടുക്കാതെയും 01.04.2023 ൽ ലഭിച്ച ബാങ്ക് പലിശ തുകയായ 41,413/- രൂപ കണക്കിലെടുക്കുകയും ചെയ്തതിനാലാണ് ടി വ്യത്യാസം (41413 – 16345 = 25068) വന്നത് എന്നും ആയത് 2023-24 വർഷത്തിൽ തിരുത്താമെന്നും അറിയിച്ചു. മുകളിൽ സൂചിപ്പിച്ച അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പൈപ്പ് ലൈൻ നീട്ടൽ. |
| പ്രോജക്റ്റിന്റെ നം. | എസ്0002/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | വികസന ഫണ്ട് -(ധനകാര്യ കമ്മീഷൻ) ₹6,53,316/- |
| ചെലവ് | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ) ₹1,90,000/ |
| ബിൽ/വൗച്ചർ നം./ തീയതി | XVFC/2022-13/P/36 19.10.2022 |

മേൽ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിൽ നിന്നും കെ.ഡബ്ല്യു.എയുടെ അക്കൗണ്ടിലേക്ക് എസ്റ്റിമേറ്റ് മുഖേന 1,90,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 169714/- രൂപയുടെ വിനിയോഗവിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 20,286/-രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. ആതിനാൽ ബാക്കി തുക 20,286/-രൂപ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

## 1-28 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റിന്റെ നം./ വർഷം | എസ് 0020/23 |

| | |
|---|---|
| അടങ്കൽ തുക / ഫണ്ട് | ₹1,20,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക / യു.ടി.ആർ. നം. / തീയതി | ₹1,20,000/- നം.ആർ.ബി.ഐ0112340807091 /തീയതി 10.1.23 |

2022-23 വർഷം ആയുഷ് പി.എച്ച്.സി.യിലേക്ക് മരുന്നുവാങ്ങൽ പ്രൊജക്ടിനായി അടവാക്കിയ തുകയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-29 സ്ലീറ്റ് മെയിൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന തുക കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ : ₹10,00,000/-

ചെലവ് : ₹9,67,943/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ വിശദാംശങ്ങൾ /ബിൽ/വൗച്ചർ നം. &തീയതി | വിനിയോഗവിവരം ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | 1/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. XVFC/2022-13/P/62 / 21.03.2023 | 2,15,492/- |

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. 2,15,492/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ഇ-ഓട്ടോ പദ്ധതി പ്രായോഗികമായിട്ടില്ല.

പ്രൊജക്ട് നം. – 32/23
അടങ്കൽ – ₹5,50,000/- (385000/-ശുചിത്വമിഷൻഫണ്ട്; 165000/-തനത് ഫണ്ട്)
ചെലവ് തുക. – ₹4,97,000/- (₹3,47,900/- (ശുചിത്വമിഷൻഫണ്ട്); ₹1,49,100/-(തനത് ഫണ്ട്))
ബിൽ,വൗച്ചർ നം. – 32382236847/28.3.23. തുക :₹3,47,900/-

ചെക്ക് നം. 584323/ 16.3.23 , തുക : ₹1,49,100 /-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനക്ക് ഇ-ഓട്ടോ വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിനടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനം ഉപയോഗപ്രദമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/21.8.2023) ലഭ്യമാക്കിയ മറുപടിയിൽ 11.7.2023ലെ തീരുമാനപ്രകാരം വാഹനത്തിന്റെ ചുമതല വി.ഇ.ഒ.ക്ക് നൽകിയതായും ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തിയാകാനുള്ളതായും അറിയിച്ചു.

വാഹനം എത്രയും വേഗം ഉപയോഗപ്രദമാക്കേണ്ടതും പദ്ധതി പ്രവർത്തനമാരംഭിച്ചശേഷം ലോഗ് ബുക്ക് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം.-ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 109/23 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽനം.,തീയതി | 52000900469990/29.08.2022 |
| തുക | ₹72,026/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 72,026/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-32 കേരള വാട്ടർ അതോറിറ്റിയിൽ ഭീമമായ വെള്ളക്കരം അടവാക്കേണ്ടിവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 253 ടാപ്പുകൾക്കായി പ്രതിമാസം 1,22,030/- രൂപ നിരക്കിൽ വർഷം 14,64,360/- രൂപയാണ് അടവാക്കേണ്ടത്. എന്നാൽ പ്രതിമാസം വെള്ളക്കരം 3,06,952/- രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ പ്രതിവർഷം 37 ലക്ഷത്തോളം രൂപ അടവാക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21.8.2023) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി തന്നെ നിരവധി ടാപ്പുകൾ ഉപയോഗ്യശൂന്യമാണെന്ന് കണ്ടെത്തുകയും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വിച്ഛേദിക്കുവാൻ 25-8-2022ലെ യോഗത്തിൽ തീരുമാനിക്കുകയും 24-9-2022 ന് തുടർ നടപടിക്കായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഒരുവർഷത്തോളമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽപ്പറഞ്ഞ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് വരുന്ന ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

1-33 തുല്യതാ പഠനം - വിശദാംശങ്ങളില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/23 |
| പ്രോജക്ടിന്റെ പേര് | 12ാം ക്ലാസ് - തുല്യതാ പഠനം. |
| അടങ്കൽ | ₹1,00,000/-(തനത്ഫണ്ട്) |
| ചെലവ് | ₹6,600/- |
| ചെക്ക്നം./തീയതി. | 220928, 10.11.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. |

മേൽ പദ്ധതി പ്രകാരം 3 പേർക്ക് 2,200/- രൂപ വീതം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പഠിതാക്കൾ പഠനം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ 11.08.2022 ൽ സാക്ഷരതാമിഷൻ ജില്ലാ കോഓഡിനേറ്റർക്ക് ധനവിനിയോഗ പത്രിക ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. പഠനം പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെ രേഖകളും ധനവിനിയോഗ പത്രികയും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹6,600/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 തെരുവ് വിളക്ക് പരിപാലനം തൃപ്തികരമല്ല.

2022-23 വർഷത്തെ തെരുവ് വിളക്ക് പരിപാലനത്തിനായി ആകെ 10,02,650/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടെൻഡർ പ്രകാരം ക്വോട്ട് ചെയ്ത എ.എം. ഇലക്ട്രിക്കൽസ് ആണ് കരാർ ഏറ്റെടുത്തിട്ടുള്ളത് . കരാർ കാലാവധി 20-01-2022 മുതൽ 19-01-2023വരെയായിരുന്നു.

പ്രസ്തുത പ്രവൃത്തിയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

ടെൻഡർ പരസ്യ പ്രകാരം താഴെ ചേർക്കുന്ന ഇനങ്ങൾ ഒരു വർഷം മുഴവൻ റിപ്പയർ ചെയ്ത് പരിപാലിക്കേണ്ടതാണ്. ഡബിൾ ട്യൂബ്-1569, സിംഗിൾ ട്യൂബ്-200, സോഡിയംവേപ്പർ-25, സിഎഫ്.എൽ-368, എൽഇഡി-544. എന്നാൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരമുള്ള ലൈറ്റുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

ഡബിൾ ട്യൂബ്-995, സിംഗിൾ ട്യൂബ്-118, സോഡിയംവേപ്പർ-0, സിഎഫ്.എൽ-3, എൽ.ഇ.ഡി.-281. അതായത് പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ കണക്കും ടെൻഡർ ചെയ്തിട്ടുള്ള തെരുവ് വിളക്കുകളുടെ കണക്കും പൊരുത്തപ്പെടുന്നില്ല. ടെൻഡർ ചെയ്ത തെരുവ് വിളക്കുകളുടെ കണക്ക് പഞ്ചായത്തിന്

എപ്രകാരമാണ് ലഭിച്ചത് എന്നും വ്യക്തമല്ല. സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രതിമാസ ബിൽ മാസത്തിൽ ലഭിക്കുന്നുണ്ടെങ്കിലും ആയതിൽ ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുമില്ല. പഞ്ചായത്തിലുള്ള കണക്കിനേക്കാൾ വളരെ കൂടുതലാണ് ടെൻഡർ പരസ്യത്തിൽ കാണിച്ചിട്ടുള്ളത്. ഇത് ശരിയായ നടപടിക്രമമല്ല.

2) 111/23 ( തെരുവ് വിളക്കുകൾ വാങ്ങൽ) പ്രോജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ച് ഓഡിറ്റ് വർഷം 'ഡിവൈൻ ഇലക്ട്രിക്കൽ'സിൽ നിന്നും 524 എൽ.ഇ.ഡി. ലൈറ്റുകളും ഫിറ്റിങ്ങുകളും വാങ്ങിയിട്ടുണ്ട്. ഇതിനായി 4,99,603/- രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. രണ്ടുവർഷ വാറണ്ടിയുള്ള പ്രസ്തുത സാധനങ്ങൾ തെരുവ് വിളക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഓഡിറ്റ് വർഷം വാങ്ങിയ പുതിയ തെരുവ് വിളക്കുകളും നിലവിലുള്ളവയും വാർഡ് തിരിച്ച് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/21.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിച്ച് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-35 എസ്.എസ്.കെ. - പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രോജക്ട് നമ്പർ | 148/23 | 149/ 23 |
| അടങ്കൽ | ₹4,75,000/-<br>(വികസനഫണ്ട്-ജനറൽ) | ₹1,74,859/-<br>(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹4,75,000/- | ₹1,74,859/- |
| വൗച്ചർ നം. | XVFC/2022-23/P/176/2.3.2023 | TRN9186/8.2.2023 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബില്ലുകൾ പ്രകാരം എസ്.എസ്.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.8.2023) മറുപടിയായി ആകെ ചെലവ് തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22 /തസ്വഭവ.തി.19.01.2022] പ്രകാരം എസ്.എസ്.കെ.-യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച 2022-23-ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹193280 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (S0014/23) | ₹193280 | 0 |
| | ₹150000 | നെൽ കൃഷി വികസനം (S0106/23) | ₹150000 | 0 |
| | ₹55000 | പാലിന് സബ്സിഡി (S0075/23) | ₹55000 | 0 |
| | ₹25000 | പോത്ത്കുട്ടി വിതരണം (S136/23) | ₹25000 | 0 |
| ആകെ | ₹423280 | | ₹423280 | |
| പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | ₹579840 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (S0014/23) | ₹579840 | 0 |
| | ₹243650 | പാലിയേറ്റീവ് കെയർ (S0003/23) | ₹243650 | 0 |
| | ₹90000 | പാലിന് സബ്സിഡി (S0075/23) | ₹90000 | 0 |
| | ₹50000 | അങ്കണവാടി പോഷകാഹാരം (S011/23) | ₹50000 | 0 |
| ആകെ | ₹963490 | | ₹963490 | |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

നിക്ഷേപ പ്രവൃത്തികൾക്കായി 2022-23 വർഷത്തിൽ ₹ 11,57,943/- രൂപ താഴെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഭാഗികമായി ലഭിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (S001/23) | 42201394/ 31.03.2023 | ₹9,67,943 | ₹2,45,617 | ₹7,22,326 |
| ജല അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S002/23) | 42201707/ 31.03.2023 | ₹1,90,000 | 0 | ₹1,90,000 |
| ആകെ | | | ₹11,57,943 | ₹2,45,617 | ₹9,12,326 |

വാർഷിക ധനാകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിലേത് ഉൾപ്പെടെ നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുകയിൽ 460500201 ശീർഷകത്തിൽ കേരളാ വാട്ടർ അതോററ്റിക്ക് നൽകിയ 4,46,547/- രൂപയും, 460500202 ശീർഷകത്തിൽ കെ.എസ്.ഇ.ബി-ക്ക് നൽകിയ 33,29,819/- രൂപയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ക്രമീകരിക്കാതെ തുടരുന്ന നിക്ഷേപ പ്രവൃത്തികളിൽ 31.03.2023ന് ശേഷം ക്രമീകരിച്ചത് ചുവടെ ചേർക്കുന്ന :-

1. കെ.എസ്.ഇ.ബി-ക്ക് നൽകിയ 9,67,943/- രൂപയിൽ ചെലവഴിക്കാൻ ബാക്കിയുള്ള 7,22,326/- രൂപയിൽ 5,06,834/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം 02.08.2023ൽ ലഭിച്ചിട്ടുണ്ട്.

2. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 1,90,000/- രൂപയിൽ 1,69,714/- രൂപയുടെ ധനവിനിയോഗ

സാക്ഷ്യപത്രം 10.04.2023ൽ ലഭിച്ചിട്ടുണ്ട്.

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ ഓഡിറ്റ് തീയതിയിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക 2,35,778/- രൂപയാണ്. ഖണ്ഡിക 1-24ൽ സൂചിപ്പിച്ചിരിക്കുന്ന മുൻവർഷങ്ങളിൽ നൽകിയ നിക്ഷേപ പ്രവൃത്തികളുടെ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC (ലൈഫ് മിഷൻ വായ്പാ തിരിച്ചടവ്) | സ.ഉ.(എം.എസ്.) നം.511/2018/ ത.സ്വ.ഭ.വ. /20.06.2019 | ₹85,83,262/- | ₹59,40,000/- | ₹15,21,688/- | | ₹44,18,312/- |

<u>തിരിച്ചടവിന്റെ വിവരം</u>

| ജി.ഒ.പ്രോജക്റ്റ് | | തുക |
|---|---|---|
| നമ്പർ | പേര് | |
| എസ്.0214/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹ 4,02,616/- |
| എസ്.0233/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹ 4,02,617/- |
| എസ്.0215/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹ 3,58,227/- |
| എസ്.0234/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹ 3,58,228/- |
| ആകെ | | ₹ 15,21,688/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,01,46,000/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 6,25,000/- |
| ആകെ | 1,07,71,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,07,71,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ബാങ്ക് ആലുവ | 20.05.2022 | 1 വർഷം | 53,85,500/- | 005385000000003 |
| 2 | കേരള ബാങ്ക് ആലുവ | 20.05.2022 | 1 വർഷം | 53,85,500/- | 005385000000004 |
| | | | | 1,07,71,000/- | |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹ 1,171/- വിവരം താഴെ ചേർക്കുന്നു. ഈ തുക RP-10 ൽ 180400301 എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2021-22 | 1-37 | ₹1,171/- | ശ്രീമതി സീജ കെ.കെ., അസിസ്റ്റന്റ് എൻജിനീയർ | 1220104158/ 23.12.2022 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹ 4,85,19,871.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹ 4,71,27,502.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,49,517.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,50,000 | ശ്രീമതി.സലീന.എം ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-17 | 85,399 | ഡോ.പുഷ്പ.വി.വി , മെഡിക്കൽ ഓഫീസർ , സി.എച്ച്.സി ചെങ്ങമനാട് |
| 1-28 | 1,20,000 | ഡോ.ആഷറാണി , മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-29 | 2,15,492 | ശ്രീമതി.നിസമോൾ എം.പി, സെക്രട്ടറി |
| 1-31 | 72,026 | ശ്രീമതി.നിസമോൾ എം.പി, സെക്രട്ടറി |
| 1-33 | 6,600 | ശ്രീമതി.ഷൈനി ജോർജ്ജ് .എൻ , ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. |
| ആകെ | 6,49,517 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സലീന.എം , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെങ്ങമനാട് | മനത്തൊടിക്ക വീട്, തുറക്കൽ പി.ഒ, കൊണ്ടോട്ടി, മലപ്പുറം-673638 |

| | | |
|---|---|---|
| ഡോ.പുഷ്പ.വി.വി ,<br>മെഡിക്കൽ ഓഫീസർ ,<br>സി.എച്ച്.സി. ചെങ്ങമനാട് | മെഡിക്കൽ ഓഫീസർ ,<br>സി.എച്ച്.സി ചെങ്ങമനാട് | കളിപറമ്പിൽ വീട്,<br>മഞ്ഞപ്ര പി.ഒ |
| ഡോ.ആഷാറാണി ,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>ഹോമിയോ<br>ഡിസ്പെൻസറി,<br>നെടുമ്പാശ്ശേരി | ഇ1-മംഗല്യ വീട്,<br>ചങ്ങമ്പുഴ നഗർ,<br>കൊച്ചി-33 |
| ശ്രീമതി നിസമോൾ എം.പി,<br>സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങമനാട്<br>പഞ്ചായത്ത് | ചെതെക്കിനേടത്ത് വീട്,<br>ഈസ്റ്റ് ദേശം,<br>ദേശം പി.ഒ |
| ശ്രീമതി ഷൈനി ജോർജ്ജ് എൻ.,<br>ഹെഡ്മാസ്റ്റർ,<br>ജെ.ബി.എസ്. ദേശം | ഹെഡ് മാസ്റ്റർ<br>ജെ.ബി.എസ്. ദേശം | നെടുംപറമ്പിൽ വീട്,<br>സെന്റ് വിൻസന്റ്<br>കോൺവെന്റ് റോഡ്,<br>ആലങ്ങാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/07.02.2003/06.05.2003 | 7 |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/28.07.2008/09.12.2008 | 2 |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/17.07.2008/06.06.2009 | 2 |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/14.09.2009/04.12.2009 | 1 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ (പി.3) 942/10/14.09.2012/12.12.2012 | 5 |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | 1 |
| 2013-14&<br>2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | 2 |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 തീ. 03.10.17 | 5 |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018 തീ. 08.10.18 | 10 |
| 2018-19 | കെ. എസ് . എ / ഇ.കെ.എം(പി 11) 1685/2019 തീ. 15.11.19 | 13 |
| 2019-20 | കെ. എസ് . എ / ഇ.കെ.എം(പി 11) 996/2021 തീ. 10.09.2021 | |
| 2020-21 | കെ. എസ് . എ / ഇ.കെ.എം(പി 11) 997/2021 തീ. 10.09.2021 | |
| 2021-22 | കെ. എസ് . എ / ഇ.കെ.എം(പി 11) 2281/2022 തീ. 02.03.2023 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-06-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chengamanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chengamanadu Grama Panchayat for the year 2022-2023

Date: 24/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Chengamanadu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
3. Non inclution of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

- The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
- Investment amount shown in B-12 mismatch with the Investment Register
- E-Tender fee is not included in Balance sheet as assent in B-15 Schedule.
- The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്